യൂണിറ്റ് 2 കളിവീട്

പഠനനേട്ടങ്ങൾ

1. ഒന്നുകളും പത്തുകളും ചേർത്ത് രണ്ടക്കസംഖ്യകൾ രൂപീകരിക്കുന്നു.
2. രണ്ടക്ക സംഖ്യകളെ താരതമ്യം ചെയ്ത് വലുത്, ചെറുത് കണ്ടെത്തി എഴുതുന്നു.

സാമഗ്രികൾ:-

സ്ഥാനവില കാർഡുകൾ, വർക്ക്ഷീറ്റ്, കളിനോട്ടുകൾ

ഉത്പന്നം:- രണ്ടക്ക സംഖ്യകൾ, വർക്ക്ഷീറ്റുകൾ.

| പ്രക്രിയ | വിലയിരുത്തൽ |
|---|---|

ടീച്ചർ കളിനാണയക്കടയിൽ പത്തുകളും ഒന്നുകളും ചേർത്ത് രണ്ടക്കസംഖ്യകൾ കൂടിയ പ്രവർത്തനം ഓർമ്മപ്പെടുത്തുന്നു. ഇതിനായി അന്ന് തയ്യാറാക്കിയ കാർഡുകൾ ടീച്ചർ കുട്ടികൾക്ക് നൽകുന്നു. ടീച്ചർ പറയുന്ന സംഖ്യ ഓരോരുത്തരും കാർഡുകൾ ചേർത്തു വച്ച് കാണിക്കണം.

42 ⇒

| പത്തുകൾ | ഒന്നുകൾ |
|---|---|
| 4 | 2 |
| 10+10+10+10 =40 | 1+1=2 |

തുടർന്ന് 42 എന്ന സംഖ്യയുടെ പ്രത്യേകതകൾ കുട്ടികൾ പറയുന്നു.

4 പത്തുകളും 2 ഒന്നുകളും ചേർന്ന സംഖ്യ

$10+10+10+10+1+1 = 42$

$40+2=42$.

കാർഡുകൾ കൊണ്ട് സംഖ്യയുണ്ടാക്കാൻ നിങ്ങൾക്കറിയാം.
നോട്ടുകൾ കൊണ്ട് സംഖ്യയുണ്ടാക്കിയാലോ?
ഏതൊക്കെ നോട്ടുകൾ നിങ്ങൾക്കറിയാം.

[10] [20] [50] [100] [200] [500]

ഏതൊക്കെ നാണയങ്ങൾ

(1) (2) (5) (10) (20)

[10] രൂപ നോട്ടുകളും (1) രൂപ നാണയങ്ങളും ഉപയോഗിച്ച് സംഖ്യകൾ ഉണ്ടാക്കിയാലോ? ടീച്ചർ [10] ന്റെയും (1) ന്റെയും കളിനോട്ടുകൾ നിരത്തി വയ്ക്കുന്നു. ടീച്ചർ വിളിക്കുന്ന ആൾ വന്ന് 42 രൂപ ഇതിൽ നിന്നും എണ്ണിയെടുക്കണം. 42 ൽ എത്ര പത്തുകൾ/എത്ര ഒന്നുകൾ എന്ന് നിങ്ങൾക്ക് അറിയാമല്ലോ? അതനുസരിച്ച് വേണം നോട്ടുകൾ എണ്ണിയെടുക്കാൻ,

അതുകൾ ഓരോ കുട്ടിയെ വിളിക്കുന്നു
42 രൂപ കൊണ്ടുവെക്കാൻ നിർദ്ദേശിക്കുന്നു
കുട്ടി കൊണ്ടുവെച്ചത് പ്രദർശിപ്പിക്കുന്നു
മറ്റു കുട്ടികൾ വിലയിരുത്തുന്നു.
42 ൽ 4 പത്തുകൾ [10] [10] [10] [10]
42 ൽ 2 ഒന്നുകൾ (1) (1)
ഇത് നോട്ടുബുക്കിൽ എഴുതുന്നു (ചിത്രം)
തുടർന്ന് ക്ലാസ്സിനെ 2 ഗ്രൂപ്പാക്കുന്നു.
ഒരു ഗ്രൂപ്പ് പറയുന്ന സംഖ്യ മറുഗ്രൂപ്പിലെ
ഒരംഗം ആവിഷ്കരിച്ചു കാണിക്കണം.
ഓരോരുത്തരും ആവിഷ്കരിക്കുന്ന സംഖ്യ
എല്ലാവരും നോട്ടുബുക്കിൽ കുറിക്കണം.

65 => [10] [10] [10] [10] [10] [10] (1) (1) (1) (1) (1)

34 => [10] [10] [10] (1) (1) (1) (1)

29 => [10] [10] (1) (1) (1) (1) (1) (1) (1) (1) (1)

നിങ്ങൾ നോട്ടുബുക്കിൽ എഴുതിയ സംഖ്യ
കളിൽ ഏറ്റവും വലുത് ഏതാണ്?
കൂടുതൽ പത്തുകൾ ഉള്ള സംഖ്യയാണ്
വലുതെന്ന് ടീച്ചർ ഓർമ്മപ്പെടുത്തുന്നു.
പത്തുകളുടെ എണ്ണം തുല്യമാണെങ്കിൽ
ഒന്നുകൾ കൂടുതലുള്ള സംഖ്യയായിരിക്കും
വലുത്.

കുട്ടികൾ സംഖ്യകൾ സൂക്ഷ്മമായി പരിശോ
ധിക്കുന്നു.
വലുതിൽ നിന്ന് ചെറുതിലേക്ക് ക്രമീകരിക്കുന്നു
ചെറുതിൽ നിന്ന് വലുതിലേക്കും എഴുതുന്നു.

തുടർന്ന് T.B Page 29 ലെ പ്രശ്നത്തിന്റെ
ആദ്യം ചിത്രവായന.
ചിത്രത്തിലെ പെൺകുട്ടികൾ ആരൊക്കെ?
സാവിത്രിക്കുട്ടി, അയിഷ.
എന്താണ് അവർ പറയുന്നത്?

സമ്മാനിച്ച കവറുകൾ വാങ്ങുന്നു.
ശേഖരിച്ചുകൊണ്ട് പരിചയപ്പെടാൻ കുട്ടികളെ ക്ഷണിക്കുന്നു. അവർ കുട്ടികളെ ഓരോരുത്തരെയായി കാണുന്നു.

സുനിൽ നൽകിയത് 7 പത്ത് രൂപ
5 ഒരു രൂപ

ആകെ എത്ര രൂപ [10] [10] [10] [10] [10] [10] [10] = 70

① ① ① ① ① = 5

70 + 5 = 75 രൂപ.


തുടർന്ന് T.B Page 29 ലെ പട്ടിക വ്യക്തിഗതമായി പൂർത്തിയാക്കുന്നു.

സുനിൽ 7 പത്തുകൾ 5 ഒന്നുകൾ 75
സോനു 4 പത്തുകൾ 8 ഒന്നുകൾ 48
അയിഷ 5 പത്തുകൾ 2 ഒന്നുകൾ 52
ഫാത്തിമ 8 പത്തുകൾ 1 ഒന്ന് 81
മീന 6 പത്തുകൾ 0 ഒന്ന് 60
ബാബു 9 പത്തുകൾ 6 ഒന്നുകൾ 96

നോട്ടുബുക്കിൽ ഈ രീതിയിൽ എഴുതുന്നു.
ഏറ്റവും കൂടുതൽ നൽകിയതാര്? ബാബു.
കുട്ടികളുടെ പേരും തുകയും ചെറുതിൽ നിന്ന് വലുതിലേക്കും തിരിച്ചും എഴുതുന്നു.

| ബാബു | ഫാത്തിമ | സുനിൽ | മീന | അയിഷ | സോനു |
|---|---|---|---|---|---|
| 96 | 81 | 75 | 60 | 52 | 48 |

ഒന്നുകളും പത്തുകളും ചേർത്ത് സംഖ്യ രൂപീകരിക്കുന്നതിനുള്ള കൂടുതൽ പ്രവർത്തനങ്ങൾ വർക്ക്ഷീറ്റായി നൽകുന്നു.



ഇങ്ങനെയുള്ളതിൽ നിന്നും ക്രമീകരിച്ച
സംഖ്യകൾ ഏതൊക്കെയാണ്.
കുട്ടികൾ കണ്ട സംഖ്യകൾ എഴുതുന്ന രീതിയിൽ

16, 25, 59, 34, 81, 69, 73

ഇവയിൽ ഏറ്റവും ചെറുത് ഏതാണ്? 16

ഏറ്റവും വലുതോ? 81

ഈ സംഖ്യകളെ ചെറുതിൽ നിന്ന് വലുതി ലേക്ക് ക്രമീകരിക്കാമോ

16, 25, 34, 59, 69, 73, 81

വലുതിൽ നിന്ന് ചെറുതിലേക്കോ?

81, 73, 69, 59, 34, 25, 16

അധികപ്രവർത്തനം.

താഴെ തന്നിരിക്കുന്ന സംഖ്യകളെ ചെറുതിൽ നിന്ന് വലുതിലേക്ക് ക്രമീകരിക്കാമോ?

1. 34, 52, 27, 19, 42, 63
2. 53, 25, 45, 39, 17, 62, 19
3. 35, 76, 53, 62, 24, 43
4. 18, 50, 75, 42, 29, 61

ചുവടെ തന്നിരിക്കുന്ന സംഖ്യകളെ വലുതിൽ നിന്ന് ചെറുതിലേക്ക് എഴുതിനോക്കാം.

1. 23, 39, 14, 52, 43, 62
2. 57, 34, 65, 27, 16, 43
3. 42, 54, 39, 77, 24, 60
4. 53, 25, 78, 35, 43, 65

പ്രത്യേക പരിഗണന ആവശ്യമായവർക്ക് തന്നിരിക്കുന്ന രണ്ട് സംഖ്യകളിൽ വലുതിന്/ചെറുതിന് നിറം നൽകാൻ പറയാം / വട്ടത്തിലാക്കാം.

1 23, 15

2 42, 33

3 19, 24

4 35, 20

5 16, 19

6 24, 37

തുടർന്ന് സംഖ്യകളെ വിഭജിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകാം.

23 => 10+10+1+1+1

15 => 10+1+1+1+1+1

42 => 10+10+10+10+1+1


മറ്റൊരു രീതിയിൽ

35 => 30+5

20 = 20+0

16 = 10+6

ചിത്രീകരണത്തിൽ




ഇത്തരം പ്രാരംഭ പ്രവർത്തനങ്ങൾ കുട്ടികൾക്ക് സ്വയം ചെയ്യാൻ അവസരം ഒരുക്കുന്നതാണ്. ഇത് ഗണിതത്തിൽ ചിന്ത വളർത്താൻ വളരെ സഹായകമായിരിക്കും.

തുടർപ്രവർത്തനങ്ങൾ

1. രണ്ടക്ക സംഖ്യ എഴുതാം.

4 പത്തുകൾ 5 ഒന്നുകൾ

6 പത്തുകൾ 3 ഒന്നുകൾ

2 പത്തുകൾ 8 ഒന്നുകൾ.

② സംഖ്യ ഏത്?

40+4 = 50+3 = 20+4 =

60+5 = 80+8 = 70+5 =

യൂണിറ്റ് 7 - കളിപ്പാട്ട്

ഉദ്ദേശ്യങ്ങൾ:

1 ഓരോ സംഖ്യകളെ അക്കത്തിലും അക്ഷരത്തിലും എഴുതുന്നു
2 ഓരോ സംഖ്യകളെ സന്ദർഭത്തിനനുസരിച്ച് വ്യാഖ്യാനിച്ച് എഴുതുന്നു.

സാമഗ്രികൾ: മഞ്ചാടികൾ, കളിനോട്ടുകൾ. അക്ഷരകാർഡുകൾ. സംഖ്യാകാർഡുകൾ

| പ്രക്രിയ | വിലയിരുത്തൽ. |
|---|---|
| ടീച്ചർ 1 മുതൽ 10 വരെ എഴുതിയ സംഖ്യാകാർഡുകൾ ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. ഒന്ന് [ഒന്ന്] മുതൽ [പത്ത്] വരെ എഴുതിയ അക്ഷരകാർഡുകൾ പ്രദർശിപ്പിക്കുന്നു. ക്ലാസ്സിലെ ഓരോരുത്തരായി വന്ന് | |

ഒരു അക്ഷരകാർഡും അതിന്റെ സംഖ്യാകാർഡും യോജിപ്പിച്ച് വയ്ക്കുന്നു. ഈ കാർഡുകൾ കുട്ടികൾക്ക് കാണിക്കുന്നു. എല്ലാവരും N.Bയിൽ എഴുതുന്നു.

[5] [അഞ്ച്]

[7] [ഏഴ്]

ഈ രീതിയിൽ 10 വരെ പൂർത്തിയാക്കുന്നു. ശേഷം 11 മുതൽ 20 വരെയുള്ള കാർഡുകൾ ഇതേ രീതിയിൽ നൽകുന്നു. ഓരോരുത്തരായി വന്ന് കാർഡുകൾ എടുത്ത് വായിച്ചു നോക്കി ക്രമീകരിക്കുന്നു.

[11] [പതിനൊന്ന്]

[18] [പതിനെട്ട്]

[12] [പന്ത്രണ്ട്]

ഇതേ രീതിയിൽ 20 വരെ പൂർത്തിയാക്കുന്നു. ഞങ്ങൾ എഴുതിയ സംഖ്യകളെ 1ൽ നിന്ന് തുടർച്ചയായി അക്കത്തിലും അക്ഷരത്തിലും

എഴുതാൻ ടീച്ചർ നിർദ്ദേശിക്കുന്നു.

[1] [ഒന്ന്]

[2] [രണ്ട്]

[3] [മൂന്ന്]

⋮

[20] [ഇരുപത്]

എഴുതിയതിനു ശേഷം മൂന്നോ നാലോ തവണ വായിക്കാൻ നിർദ്ദേശിക്കുന്നു.
ശേഷം [20]ൽ നിന്ന് [1] ലേക്ക് എഴുതാൻ നിർദ്ദേശിക്കുന്നു

[20] [ഇരുപത്]

[19] [പത്തൊമ്പത്]

[18] [പതിനെട്ട്]

⋮

[1] [ഒന്ന്]

തുടർന്ന് 21 മുതൽ 29 വരെ സംഖ്യകൾ എഴുതുന്നതിനായി വേറൊരു സൂത്രകാർഡുകൾ ടീച്ചർ പ്രദർശിപ്പിക്കുന്നു.

[21] [ഇരുപത്തി] [ഒന്ന്]

[22] [രണ്ട്]

[23] [മൂന്ന്]

[ഇരുപത്തി] എന്ന ഒരു കാർഡിനോടൊപ്പം [ഒന്ന്] [രണ്ട്] എന്നിങ്ങനെ [ഒൻപത്] വരെ കാർഡുകൾ ചേർത്ത് [21] മുതൽ [29] വരെ എഴുതുന്നു.
ആദ്യഘട്ടത്തിൽ ഇരുപത്തിയൊന്ന്, ഇരുപത്തിയഞ്ച്, ഇരുപത്തിയേഴ് എന്നിങ്ങനെ ചേർത്തെഴുതാൻ പ്രയാസമുണ്ടാകാം. (ചേർത്തെഴുതാൻ നിർബന്ധിക്കേണ്ടതില്ല)

ഈ ക്രമത്തിൽ [മുപ്പത്തി] [നാല്]

[അറുപത്തി] [തൊണ്ണൂറ്റി] [ഒമ്പത്]

വാക്കുകളും സംഖ്യകൾ പലതും പലതുമായി കുട്ടികൾ നോട്ടുപുസ്തകത്തിൽ എഴുതുന്നു. [31] മുതൽ [39] വരെ എഴുതിയതിനുശേഷം [39] ൽ നിന്ന് [31] ലേക്ക് തിരിച്ചും എഴുതേണ്ടതാണ്.

ഈ പ്രവർത്തനം കുട്ടികൾ ഉത്സാഹത്തോടെ ചെയ്യുന്നു. വിജയകരമായി പ്രവർത്തനം പൂർത്തിയാക്കുന്നവർക്ക് ഓരോ ഘട്ടത്തിലും സമ്മാനങ്ങൾ നൽകി അഭിനന്ദിക്കേണ്ടതാണ്. ക്ലാസ്സിലെ ഭൂരിഭാഗം കുട്ടികൾക്കും പ്രയാസകരമായി അനുഭവപ്പെടാവുന്ന പ്രവർത്തനമാണിത്. കഴിയുന്നത്ര ലളിതമായി അവതരിപ്പിക്കേണ്ടതുണ്ട്.

അക്കങ്ങൾ നാട്ടിൽ (2)

1 മുതൽ 99 വരെയുള്ള സംഖ്യകളെ അക്ഷരത്തിലെഴുതാൻ കുട്ടി പ്രാപ്തനായതിനുശേഷം T.B page 30 ലെ രസമതി എന്ന പ്രവർത്തനം അവതരിപ്പിക്കാം.

ഇതിനായി നേരത്തെ ലഭിച്ച സംഖ്യാ ചാർട്ട് ടീച്ചർ പ്രദർശിപ്പിക്കുന്നു.

| | |
|---|---|
| സുനിൽ | 75 |
| സാബു | 48 |
| ആയിഷ | 62 |
| മാത്തിവ | 81 |
| റീന | 60 |
| ബാബു | 96 |

ടീച്ചർ രസമതി മാതൃകയിൽ തയ്യാറാക്കിയ വർക്ക്ഷീറ്റുകൾ കുട്ടികൾക്ക് നൽകുന്നു. അതിലെ വിട്ടുപോയ ഭാഗങ്ങൾ പൂർത്തിയാക്കാൻ

നിർദ്ദേശിക്കുന്നു.

[illegible]

[illegible] നൽകുന്നു.

നമ്പർ, പേര്, തുക അക്കത്തിൽ / അക്ഷരത്തിൽ ഈ ക്രമത്തിൽ ഓരോരുത്തരും എഴുതി പൂർത്തിയാക്കുന്നു. വായിക്കുന്നു.

N.B യിൽ ഒട്ടിക്കുന്നു.

നമുക്കും വെള്ളപ്പൊക്കത്തിന് വീടുവയ്ക്കാനായി കുറച്ച് രൂപ കൊടുത്താലോ?

ഓരോരുത്തരും നിങ്ങൾ കൊടുക്കാൻ ഉദ്ദേശിക്കുന്ന തുക അക്കസംഖ്യയായി നോട്ടുബുക്കിൽ എഴുതുക.

ഓരോരുത്തരും എഴുതുന്നു. പറയുന്നു.

ടീച്ചർ B.B യിൽ എഴുതുന്നു.

| | |
|---|---|
| അയാൻ | 45 |
| ദേവികൃഷ്ണ | 39 |
| ത്രിനേത്ര | 16 |
| അഭിശ്രീ | 83 |
| വേദ | 35 |
| വിശ്വജിത്ത് | 52 |

⋮

ഇങ്ങനെ കുട്ടികളുടെ സംഭാവനകൾ പട്ടികപ്പെടുത്തുന്നു.

ഈ നമ്മുടെ കൂട്ടുകാർക്കും രസീത് വേണ്ടേ?

മാതൃക N.B യിൽ വരച്ച് എഴുതുന്നു.

| | |
|---|---|
| പേര് | നമ്പർ |
| തുക .............. | |
| .............. | രൂപ |
| | ഒപ്പ് |

മൂന്നോ നാലോ കുട്ടികൾ ഗ്രൂപ്പിൽ
പങ്കെടുക്കുന്നു. ഓരോ ഗ്രൂപ്പിനും
നോട്ട് ശേഖരത്തിൽ നിന്ന് ചേർക്കുന്നു.

പുതുസംഭാവനകൾ

നമ്മൾ സാധാരണ ഉപയോഗിക്കുന്ന
നോട്ടുകളും നാണയങ്ങളും ഏതൊക്കെയെ-
ന്ന് നിങ്ങൾക്കറിയാമല്ലോ?
ടീച്ചർ കളി നോട്ടുകൾ പ്രദർശിപ്പിക്കുന്നു.

[5] [10] [20] [50] [100] [200]

ഏതൊക്കെ നാണയങ്ങൾ നിങ്ങൾക്കറിയാം?

(1) (2) (5) (10) (20)

നോട്ടുകളും നാണയങ്ങളും കുട്ടികൾ നോട്ടു-
ബുക്കിൽ വരക്കുന്നു. എഴുതുന്നു.
ഇനി നോട്ടുകൾ മാത്രമെടുക്കാം

15 രൂപയാവാൻ ഏതൊക്കെ നോട്ടുകൾ
വേണം.

[10] [5] = 15

20 => [10] [10]

30 => [20] [10]

25 => [20] [5]

25 => [10] [10] [5]

30 => [10] [10] [10]

35 => [10] [10] [10] [5]

40 => [10] [10] [10] [10]

40 => [20] [20]

45 => [20] [20] [5]

45 => [10] [10] [10] [10] [5]

ഇത്തരത്തിൽ [5], [10] [20] എന്നീ
നോട്ടുകൾ ഉപയോഗിച്ച് രൂപീകരിക്കാ-
വുന്ന പരമാവധി സംഖ്യകൾ രൂപീകരി-
ക്കണം.
ശേഷം (1) (2) എന്നീ നാണയങ്ങളും
കൂടി ചേർന്നാൽ ഉണ്ടാകാവുന്ന സംഖ്യ-
കൾ രൂപീകരിക്കാം.

42 => [10] [10] [10] [10] (1) (1)

42 => [10] [10] [10] [10] (2)

42 => [20] [20] (1) (1)

42 => [20] [20] (2)

അതുപോലെ മറ്റേതൊരു സംഖ്യകൾ ഇതേരീതി-
യിൽ വ്യത്യസ്തമായി വ്യാഖ്യാനിക്കാൻ
കുട്ടികൾക്ക് അവസരം ഒരുക്കണം.

eg: 38 => [10] [10] [10] (1) (1) (1) (1) (1) (1) (1) (1)

38 => [10] [10] [10] (2) (2) (2) (2)

38 => [20] [10] (2) (2) (2) (2)

38 => [20] [10] (5) (1) (1) (1)

38 => [20] [10] (5) (2) (1)

38ലെ 3 പത്തുകളെ എത്രതരത്തിൽ
എഴുതാം, 8 ഒന്നുകളെ എങ്ങനെയൊ-
ക്കെ എഴുതാം? എന്നുള്ള ചിന്ത കുട്ടികളു-
ടെ മനസ്സിലൂടെ കടന്നുപോകുന്നതുവരെ
ഈ പ്രവർത്തനം ആവർത്തിക്കണം.
തുടർന്ന് T.B page 30ലെ പ്രവർത്തനം
കുട്ടികൾ വ്യക്തിഗതമായി പൂർത്തിയാക്കട്ടെ.